# ദർപ്പണം

**ഡോ. സി . റ്റി . ഈ . എം . ആർ . എച്ച്.എസ്. എസ്**

**ശാസ്താംകോട്ട**



ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ 2020

# മറയുന്ന സ്വപ്നങ്ങൾ

മറയുന്നു മനസിന്റെ ഇരുളറയ്ക്കുള്ളിലായ്
ജീവിതം തന്നൊരാ സൗഹൃദങ്ങൾ
കാലങ്ങൾ മുൻപേ നൽകിയ പ്രതീക്ഷ തൻ
വാക്കുകൾ പോലുമേ വ്യർത്ഥമായി ....
വ്യർത്ഥമായി തീർന്നു ഇന്നെൻ ജീവിതം
അർത്ഥങ്ങളില്ല ശവങ്ങൾ പോലെ
കൂടെ കളിച്ചിടാൻ കഥകൾ പറഞ്ഞിടാൻ
ചിണുങ്ങി കരഞ്ഞിടാൻ ആട്ടമാടിടുവാൻ
എവിടെയാണിന്ന് എവിടെയാ നിങ്ങൾ
ചൊല്ലുവിൻ കൂട്ടരേ  എവിടെയാണ് ?????

# ജീവിതം

ശൈശവത്തിൽ തുടങ്ങി വർധക്യംവരെ നീളുന്നതാണ് നമ്മുടെ ജീവിതം. അമ്മയുടെ മാറോട് ചേർന്ന് ഉറങ്ങുന്ന ശൈശവം, അമ്പിളിമാമന് വേണ്ടി കൊതിക്കുന്ന ബാല്യം പ്രലോഭനങ്ങളിൽ വഴുതി വീഴുന്നതു കൗമാരം ഇഷ്ടപെട്ടത് നേടണമെന്ന് ആഗ്രഹം കാട്ടുന്ന യൗവ്വനം ആർക്കും വേണ്ടാതെ ഒറ്റപ്പെടൽ സഹിക്കുന്ന വാർധക്യം .ഇതല്ലേ ജീവിതം?കേവലം ഒരു തൂലികയിൽ വരച്ചു കാട്ടാൻ എന്ത് എളുപ്പം .ജീവിതത്തിലേക്ക് പ്രവേശിക്കുമ്പഴാണ് അതിലെ കയർപ്പും മാധുര്യവും തിരിച്ചറിയുന്നത് .അതിൽ ഒരു നിമിഷമെങ്കിലും ഒരു നിമിഷത്തേക്ക് നാം കള്ളനാകാം, സത്യസന്തയാകാം, വിദ്വേഷിയാകാം........ ജീവിതം നമുക്ക് തരുന്ന അനുഭവങ്ങൾ മറ്റു എവിടെനിന്നും കിട്ടില്ല. ഒരുപക്ഷെ ആ അനുഭവങ്ങളാകാം നമ്മളെ മാറ്റി മറിക്കാൻ പ്രേരിപ്പിക്കുന്നത്. ജീവിതത്തിൽ ഏതൊക്കെ സാഹചര്യങ്ങൾ നേരിടേണ്ടിവന്നാലും അവയെല്ലാം ശുഭാകൃതിവിശ്വാസത്തോടെ നേരിടേണം. "സാധ്യമല്ല "എന്ന പദം ജീവിതത്തിന് യോജിച്ചതല്ല.

ജീവിതത്തിൽ ഒരു ദിവസം മനുഷ്യന് 24 മണിക്കൂറാണ് ദൈവം തന്നിട്ടുള്ളത്  ആ 24 മണിക്കൂറിൽ ജീവിതം എങ്ങനെ ആകുമെന്ന് നമുക്ക് നിച്ഛയിക്കാൻ കഴിയില്ല .എന്തു സംഭവിക്കാം .എന്നാൽ ജീവിതത്തിലെ തെറ്റ് തിരുത്താൻ കിട്ടുന്ന ഒരു രണ്ടാം ഊഴമാണ് ഓരോ പുലരിയിലുമെന്ന് പറയാറുണ്ട് . ജീവിതത്തിൽ നാം അറിഞ്ഞോ അറിയാതെയോ ചെയ്ത തെറ്റുകൾ തിരുത്തി ദുഖവും സന്തോഷവും ചേർത്തു നിർത്തി ഒരു ഉത്തമ ജീവിതം നയിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# മാതൃസ്നേഹം

"56 അക്ഷരമല്ല എന്റെ മലയാളം.അമ്മയെന്ന .ഒരൊറ്റയക്ഷരമാണെന്റ മലയാളം"

കവി കുഞ്ഞുണ്ണിമാഷിന്റെ വരികളാണിവ . പിറന്ന അമ്മയുടെ മടിത്തട്ടിൽ വീണ നാൾ മുതൽ ,അമ്മയുടെ മാറോടണഞ്ഞു അമ്മയെ സ്നേഹിച്ച ,അമ്മയെ വിശ്വസിച്ച് നാം കഴിയുന്നു .ചെറുപ്പത്തിൽ എന്തു കാര്യം ചെയ്യാനും നമുക്ക് അമ്മയെ ആവശ്യമായിരുന്നു .കൈ പിടിച്ചു നടക്കുവാനും ,വീഴുമ്പോൾ പിടിച്ചുഉയർത്താനും കരങ്ങൾ ആവശ്യമാണ് .എന്നാൽ വളർന്നു കഴിയുമ്പോൾ ആ കാര്യങ്ങൾ നാം അറത്തുകളയാനാണ്ശ്രമിക്കുന്നത്.

വർധക്യത്തിലേക്കെത്തുമ്പോൾ മാതാപിതാക്കളെ വൃദ്ധ സദനകളിലേക് നാം അയക്കുന്അനാഥത്വത്തിന്റെ തീച്ചൂളയിലേക്കു നമ്മെ തള്ളിവിടാതെ അമ്മിഞ്ഞപ്പാലിന്റെ വെന്മനിറഞ്ഞ ലോകത്തേക്ക് . ഇരുകയ്യും നീട്ടി നമ്മെ സ്വീകരിക്കുന്നു.

# ഞാൻ മഹാ പ്രകൃതി

പ്രകൃതികളെ   പ്രകൃതിയായ് മാറ്റി ഞാൻ

പ്രഭാതങ്ങളിൽ ആശ്വാസമേകി ഞാൻ

എന്റെ ചുടുനിശ്വസങ്ങൾ നിങ്ങൾ തൻ ആശ്വാസമായി

എന്റെ ചലനങ്ങൾ നിങ്ങളിൽ

ജീവ ചലനത്തിൻ തുടക്കമായി

എന്നെ മുറിവേൽപ്പിക്കുവാൻ

നിങ്ങൾ തൻ മനതാരിൽ

എന്നു തൊട്ടെന്തോ മുളയിട്ടു  മോഹം

അറിയിച്ചു എങ്കിലും വേദന ആവോളം

നിങ്ങൾക്കായി ഞാൻ സഹിച്ചു

വേദനയെങ്കിലും ചിരി തൂകി നിങ്ങളെ

സന്തോഷമേകി ഞാൻ സംരക്ഷിച്ചു

എന്നും നശിക്കുന്ന എന്നെ നശിപ്പിക്കുന്ന എന്നെ

നിലനിർത്തി സ്നേഹിക്കാൻ കഴിയില്ലേ???

എന്റെ ജീവന്റെ തുടിപ്പായി നീ മാറുമ്പോൾ

എന്നിലെ എല്ലാം നിങ്ങൾക്ക്  മാത്രം

# ദൈവസൃഷ്ടി

അമ്പിളിമാമന്റെ ത്തനിലശോഭയിൽ

മിന്നി തിളങ്ങും രജനിതൻ വൈഭവം

കണ്ടു ഞാൻ നന്നേ മിഴിച്ചു നിന്നു

ഇയെഴുപതിനാല് ലോകത്തിൻ  സൃഷ്ടാവാം

 ദൈവത്തിൻ കരവിരുത് ഓർത്തത്അപ്പോൾ

മുല്ലതൻ വാസന പേറികൊണ്ടിതാ

വീശി അടിക്കുന്നു മാരുതിയും

ആകാശ ഗോളത്തിന് പൂമാലചാർത്തി

മിന്നിതിളങ്ങുന്നു താരകങ്ങൾ

വീശി അടിക്കുന്ന കാറ്റിൻ താളത്തിൽ

ആടിയുലയുന്നു വൃക്ഷലതകൾ

എന്തിനോ വേണ്ടി തിളങ്ങുന്നു ചന്ദ്രൻ

ആർക്കോ വേണ്ടി ജ്യലിക്കുന്നു താരം

കണ്ടിടാനില്ല കണ്ട്ആസ്വദിച്ചിടാനില്ല

രസിച്ചിടാനില്ല ഇന്ന് എങ്ങുമാരും

ജോലിതൻ സമ്മർദം ഏറ്റുവാങ്ങിട്ടവർ

കാറ്റിലും വേഗത്തിൽ പഞ്ഞിടുന്നു

ഇന്നിതാ  ദൈവത്തിൻ സൃഷ്ടികൾപോലും

വ്യർത്ഥമായി തീരുന്നു നമുക്ക് മുന്നിൽ

# മാതൃഭാഷ മലയാളഭാഷ

മലയാളമെന്നുടെ മാതൃഭാഷാ

അമ്മയെപോലെയി ധന്യഭാഷാ

ഞങ്ങൾ വാണങ്ങുന്ന പുണ്ണ്യഭാഷ

എന്നുടെ സ്വന്തം അമൃതഭാഷ

അമ്മയെന്നുമെൻ മാതൃഭാഷ

ഞാനെന്നും കുമ്പിടും

അമ്മസ്നേഹം ചൊരിയുന്നപോലെ

ഭാഷതൻ മാറിൽ ഞാൻ ചാഞ്ഞിടുന്നു

എന്നെയുയർത്തിയ ജനഭാഷ

എന്നുമോർക്കും ഞാൻ നന്ദിയോടെ

ഞാനെന്റെ ഭാഷയുടെ മഹത്വം

ആവോളം എല്ലാവരും ചൊല്ലും

# QUOTES ABOUT LIVING A BEAUTIFUL LIFE

You are only here for a shore visit. Don't hurry, Don't worry. And be sure to smell the flower along the way.

→WALTER HAGEN

A man who dares to waste one hour of time has not discovered the value of life.

→ CHARLES DARWIN

If life were predictable it would cease to be life, and be without flavour.

→ ELEANOR ROOSEVELT

Find ecstasy in life, the more sense of living is joy enough.

→ EMILY DICKINSON

However difficult life may seen, there is always something you can do and succeed at.

→ STEPHEN HAWKING